**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 429** **08-06-2021 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി മണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെയും മഹാവ്യാധിയുടെയും ഈ കാലത്ത് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത ഫാക്ടറികൾ തുറക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ കാപ്പക്സിന് കശുവണ്ടി ഫാക്ടറികൾ ഒന്നും തന്നെയില്ല. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ആദിനാട് ഒരു ഫാക്ടറിയാണുള്ളത്. കോവിഡ് മഹാമാരി മൂലം തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് 50% തൊഴിലാളികളെ വീതം നിയോഗിച്ച് ആദിനാട് ഫാക്ടറി ഉൾപ്പെടെ കോർപ്പറേഷന്റെ 30 കശുവണ്ടി ഫാക്ടറികളും ജൂൺ 2 മുതൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. ലോക്ഡൗൺ നിയന്ത്രണങ്ങൾ പിൻവലിക്കുന്ന മുറയ്ക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഫാക്ടറികളിൽ ജോലി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ തൊഴിലാളികൾക്ക് ധനസഹായം പ്രഖ്യാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | കശുവണ്ടി തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാ കശുവണ്ടി തൊഴിലാളികൾക്കും ഈ ലോക്ഡൌൺ കാലത്തും ധനസഹായം നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ